സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 47 2024 മെയ് 04 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കിടപ്പുരോഗിയായ ഭാര്യയെ ഭർത്താവ് കഴുത്തറുത്ത് കൊന്നു

മൂവാറ്റുപുഴ: നിരപ്പിൽ കിടപ്പുരോഗിയായ ഭാര്യയെ ഭർത്താവ് കഴുത്തറുത്ത് കൊന്നു. കുളങ്ങാട്ടുപാറ സ്വദേശി കത്രിക്കുട്ടി (85) ആണ് മരിച്ചത്. ഭർത്താവ് ജോസഫിനെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ രാത്രി പതിനൊന്നരയോടെയാണ് സംഭവം. ആറുമാസം മുൻപ് വീണതിനെ തുടർന്നാണ് കത്രിക്കുട്ടി കിടപ്പിലായത്. പ്രാഥമികകൃത്യങ്ങൾ പോലും സ്വയം നിർവഹിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു കത്രിക്കുട്ടി. മക്കൾക്ക് ഒരു ഭാരമാകേണ്ട എന്ന ചിന്തയിലാണ് കത്രിക്കുട്ടിയെ ജോസഫ് കൊലപ്പെടുത്തിയതെന്ന് നാട്ടുകാർ പറയുന്നു.

വേനൽച്ചൂടിൽ വെന്തുരുകി കേരളം

12 ജില്ലകളിൽ യെല്ലോ അലർട്ട്, വൈദ്യുതി നിയന്ത്രണത്തിനൊരുങ്ങി കെ എസ് ഇ ബി

തിരു : അസഹനീയമായ ചൂടിൽ വെന്തുരുകയാണ് സംസ്ഥാനം. പല ജില്ലകളിലും സാധാരണയെക്കാൾ മൂന്ന് മുതൽ അഞ്ച് ഡിഗ്രി വരെ അധിക താപനിലയാണ് രേഖപ്പെടുത്തുന്നത്. ജാഗ്രതയുടെ ഭാഗമായി ഈമാസം ഏഴ് വരെ 12 ജില്ലകളിൽ യെല്ലോ മുന്നറിയിപ്പ് നൽകി. ഇടുക്കി,വയനാട്, ഒഴികെയുള്ള ജില്ലകളിലാണ് യെല്ലോ അലർട്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്ന ചൂട് രേഖപ്പെടുത്തിയ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെ കടന്നേക്കുമെന്ന് മുന്നറിയിപ്പിൽ പറയുന്നു.

അതേസമയം, ചൂടിന് ആശ്വാസമായി വരും ദിവസങ്ങളിൽ സംസ്ഥാനത്ത് മഴക്കും സാദ്ധ്യതയുണ്ട്. മേയ് ഏഴ് വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രവചിച്ചിരിക്കുന്നത്.

കെഎസ്ഇബിയുടെ മേഖല തിരിച്ചുള്ള വൈദ്യുതി നിയന്ത്രണത്തിൽ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തും. കഴിഞ്ഞ ദിവസം പാലക്കാട്, മലപ്പുറം ജില്ലകളിലെ പ്രദേശങ്ങളിൽ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിരുന്നു. മലബാർ മേഖലക്ക് പുറമെ ആലപ്പുഴ, കൊല്ലം ജില്ലകളിലെ ചില പ്രദേശങ്ങളിലും നിയന്ത്രണം കൊണ്ടുവരേണ്ടി വരും. വൈകിട്ട് ഏഴ് മണി മുതൽ പുലർച്ചെ ഒരു മണി വരെ ഏത് സമയത്തും ലോഡ് ഷെഡിംഗ് ഏർപ്പെടുത്തും. ജനങ്ങൾ പരമാവധി സഹകരിക്കണമെന്ന് കെഎസ്ഇബി അഭ്യർത്ഥിച്ചിട്ടുണ്ട്. വൈദ്യുതി ഉപയോഗം കുറയ്ക്കാനുള്ള മാർഗനിർദേശങ്ങളും കെഎസ്ഇബി പുറത്തിറക്കിയിരുന്നു.

ചൂട് കൊന്നത് 497 പശുക്കളെ

* ചൂട് താങ്ങാനാകാതെ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു മാസത്തിനിടെ ചത്തത് 497 പശുക്കൾ. സംസ്ഥാന ചരിത്രത്തിൽ ആദ്യം. മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ കണക്കാണ്.

* ഏറ്റവുമധികം കാലികൾ ചത്തത് കൊല്ലം ജില്ലയിലാണ് – 105. ഏറ്റവും കുറവ് കണ്ണൂരിൽ – 3. ചൂട് കൂടിയതോടെ പ്രതിദിന പാലുത്പാദനത്തിൽ 6.5 ലക്ഷം ലിറ്ററിന്റെ കുറവുമുണ്ടായി

വൈദ്യുതി നിലച്ചതിന് പിന്നാലെ കെഎസ്ഇബി ഓഫീസ് ആക്രമിച്ച് നാട്ടുകാർ;, പരാതി

കോഴിക്കോട്: വൈദ്യുതി നിലച്ചതിനെ തുടർന്ന് കെഎസ്ഇബി ഓഫീസ് ആക്രമിച്ചെന്ന് പരാതി. പന്തീരാങ്കാവിൽ കഴിഞ്ഞ ദിവസം രാത്രിയോടുകൂടിയായിരുന്നു സംഭവം. ഒരു സംഘം ആളുകളെത്തി സ്ഥാപനത്തിന് നാശനഷ്ടം വരുത്തിയെന്നാണ് പരാതി.

ആക്രമണവുമായി ബന്ധപ്പെട്ട് സെക്ഷൻ ഓഫീസ് ജീവനക്കാരാണ് പൊലീസിൽ പരാതി നൽകിയത്. ആക്രമികൾ ഓഫീസിന്റെ ബോർഡ് തകർത്തുവെന്നാണ് ജീവനക്കാരുടെ പരാതിയിൽ പറയുന്നത്. സംഭവത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കടുത്ത ചൂടിനുപുറമേ പന്തീരാങ്കാവ് പ്രദേശത്ത് ഇടയ്ക്കിടയ്ക്ക് വൈദ്യുത തടസം സംഭവിക്കുന്നത് ജീവനക്കാരുടെ അനാസ്ഥ മൂലമെന്നാണ് നാട്ടുകാർ പറയുന്നത്. അതേ സമയം, ഉന്നത ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരമാണ് ട്രാൻസ്ഫോർമറുകൾ ഓഫാക്കിയതെന്നാണ് ജീവനക്കാർ പ്രതികരിച്ചത്. വൈദ്യുതിയുടെ അമിത ഉപഭോഗം മൂലമാണ് ഇത്തരത്തിൽ ചെയ്തതെന്നും അത് നാട്ടുകാർ തെറ്റിദ്ധരിക്കുകയായിരുന്നുവെന്നുമാണ് ജീവനക്കാർ പറഞ്ഞത്.

റാലിയിൽ കുട്ടികളെ പങ്കെടുപ്പിച്ചു; അമിത്ഷായ്ക്കെതിരെ പരാതി, കേസെടുത്തു

ന്യൂഡൽഹി: തിരഞ്ഞെടുപ്പ് ചട്ടലംഘനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കെതിരെ കോൺഗ്രസ് നൽകിയ പരാതിയിൽ പോലീസ് കേസെടുത്തു. തെലങ്കാന കോൺഗ്രസ് ആണ് അമിത് ഷാക്കെതിരെ പരാതി നൽകിയത്. മെയ് ഒന്നിന് ബിജെപി റാലിക്കിടെ അമിത് ഷായ്ക്കൊപ്പം ഡയസിൽ കുട്ടികളെ കണ്ടെന്നും ഇത് മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണെന്നും ചൂണ്ടിക്കാട്ടിയാണ് പരാതി നൽകിയത്.

തെലങ്കാന പ്രദേശ് കോൺഗ്രസ് കമ്മിറ്റി വൈസ് പ്രസിഡന്റ് നിരഞ്ജൻ റെഡ്ഡിയാണ് സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർക്ക് പരാതി നൽകിയത്. റാലിക്കിടെ ഒരു കുട്ടി ബിജെപി ചിഹ്നം കയ്യിൽ പിടിച്ചിരിക്കുന്നത് കണ്ടത് മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണെന്ന് നിരഞ്ജൻ റെഡ്ഡി പറഞ്ഞു. കുട്ടികളുടെ സേവനങ്ങളും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രചാരണങ്ങളിലോ പ്രവർത്തനങ്ങളിലോ അവരുടെ പങ്കാളിത്തം ഉപയോഗിക്കരുതെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ അടുത്തിടെ രാഷ്ട്രീയ പാർട്ടികൾക്ക് നിർദ്ദേശം നൽകിയിരുന്നുവെന്ന് പരാതിയിൽ പറയുന്നു.

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നിരഞ്ജൻ റെഡ്ഡിയുടെ പരാതി ഹൈദരാബാദ് പോലീസിന് കൈമാറുകയായിരുന്നു. തുടർന്ന് വ്യാഴാഴ്ച അമിത് ഷായ്ക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തു. ടി യമൻ സിംഗ്, മുതിർന്ന ബിജെപി നേതാവ് ജി കിഷൻ റെഡ്ഡി, നിയമസഭാംഗം ടി രാജ സിംഗ് എന്നിവരാണ് കേസിലെ മറ്റ് പ്രതികൾ. ഐപിസി സെക്ഷൻ 188 (ഒരു പൊതുപ്രവർത്തകൻ പുറപ്പെടുവിച്ച ഉത്തരവിന്റെ ലംഘനം) പ്രകാരമാണ് കേസെടുത്തിരിക്കുന്നത്. പരാതിയിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണെന്ന് പോലീസ് പറയുന്നു.

ചോദ്യം ചെയ്യലിന് ഹാജരാകണം; ടി.ജി.നന്ദകുമാറിന് നോട്ടിസ്

തിരു: ചോദ്യം ചെയ്യലിനായി ഹാജരാകാൻ ടി.ജി നന്ദകുമാറിന് ആലപ്പുഴ പുന്നപ്ര പോലീസിന്റെ നോട്ടിസ്. ശോഭാ സുരേന്ദ്രന്റെ പരാതിയിലാണ് നോട്ടിസ്. സ്ത്രീത്വത്തെ അപമാനിച്ചുവെന്നും വ്യക്തിഹത്യ നടത്തിയെന്നും ചൂണ്ടിക്കാട്ടിയാണ് ശോഭ പരാതി നൽകിയിരുന്നത്. ഈ മാസം 9ന് ഹാജരാകാനാണ് നിർദേശം.

ശോഭ സുരേന്ദ്രൻ ഇടക്കാലത്തു ബിജെപി വിടാൻ തീരുമാനിച്ചിരുന്നെന്നും വടക്കാഞ്ചേരിയിൽ എൽഡിഎഫ് സ്ഥാനാർഥിയാകാൻ ശ്രമിച്ചെന്നും വിവാദ വ്ലോഗർ നേരത്തെ ആരോപിച്ചിരുന്നു. ആവശ്യപ്പെട്ട തുക കൂടിപ്പോയതിനാലാണ് ഇത് നടക്കാതിരുന്നതെന്നും നന്ദകുമാർ മുൻപ് വെളിപ്പെടുത്തിയിരുന്നു. സ്ഥലമിടപാടുമായി ബന്ധപ്പെട്ടും ശോഭയ്ക്കെതിരെ നന്ദകുമാർ ആക്ഷേപം ഉന്നയിച്ചിരുന്നു

യദുവിന്റെ ഹർജി കോടതി സ്വീകരിച്ചു

തിരു : മേയർ ആര്യാ രാജേന്ദ്രനും സച്ചിൻ ദേവ് എംഎൽഎയ്ക്കും എതിരായ കെഎസ്ആർടിസി ഡ്രൈവർ യദുവിന്റെ ഹർജി കോടതി ഫയലിൽ സ്വീകരിച്ചു. ഈ മാസം ആറിന് കേസ് മജിസ്ട്രേറ്റ് കോടതിയിൽ പരിഗണിക്കും. യദുവിന്റെ പരാതിയിൽ പോലീസ് കേസെടുക്കാത്തതുകൊണ്ടാണ് കോടതിയെ സമീപിച്ചത്. ജോലി തടസപ്പെടുത്തിയതിനെതിരെ മേയർക്കെതിരെയും ബസിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തിയതിന് എംഎൽഎയ്ക്കെതിരെയുമാണ് യുവാവ് പരാതി കൊടുത്തിരിക്കുന്നത്.

മേയറുമായി തർക്കമുണ്ടായ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന കണ്ടക്ടർ ഡിവൈഎഫ്ഐ പ്രവർത്തകനാണെന്നും അന്ന് കണ്ടക്ടർ മുൻ സീറ്റിലാണ് ഇരുന്നതെന്നും പിൻ സീറ്റിലാണ് ഇരുന്നതെന്ന് പോലീസിനോട് പറഞ്ഞത് പച്ചക്കള്ളമാണെന്നും യദു മാദ്ധ്യമങ്ങളോട് പറഞ്ഞു.

'എംഎൽഎ ബസിൽ കയറിയപ്പോൾ എഴുന്നേറ്റ് സീറ്റ് നൽകിയത് കണ്ടക്ടറാണ്. എംഎൽഎ വന്നപ്പോൾ സഖാവേ ഇരുന്നോളൂ എന്ന് പറഞ്ഞ് മുന്നിലെ സീറ്റ് മാറി കൊടുത്തു. മെമ്മറി കാർഡ് കാണാതായ സംഭവത്തിൽ കണ്ടക്ടറെ സംശയം ഉണ്ട്. കണ്ടക്ടറും എംഎൽഎയും അടക്കം ഗൂഢാലോചന നടത്തിയോ എന്ന് സംശയമുണ്ട്. തനിക്കെതിരായ ആരോപണങ്ങളിൽ 5 പേരെ എതിർകക്ഷിയാക്കി പരാതി നൽകിയിട്ടുണ്ട്'– യദു പറഞ്ഞു.

ട്രെയിനിൽ നിന്ന് വീണ് ഗർഭിണി മരിച്ചു; അപായച്ചങ്ങല പ്രവർത്തിച്ചില്ലെന്ന് ബന്ധുക്കൾ

ചെന്നൈ: ഗർഭിണിയായ യുവതി ട്രെയിനിൽ നിന്ന് വീണ് മരിച്ച സംഭവത്തിൽ ദക്ഷിണ റെയിൽവേ അന്വേഷണം ആരംഭിച്ചു. എഗ്മൂർ – കൊല്ലം എക്സ്പ്രസിൽ നിന്നാണ് തെങ്കാശി ശങ്കരൻ കോവിൽ സ്വദേശി സുരേഷ് കുമാറിന്റെ ഭാര്യ കസ്തൂരി (22) വീണത്.

കഴിഞ്ഞ വ്യാഴാഴ്ച രാത്രിയാണ് അപകടമുണ്ടായത്. വളകാപ്പ് ചടങ്ങിനായി ചെന്നൈയിൽ നിന്ന് തെങ്കാശിയിലേക്ക് പോകവേ കടലൂർ ജില്ലയിലെ വിരുദാചലത്തിന് സമീപത്ത് വച്ചായിരുന്നു അപകടമുണ്ടായത്. ഏഴ് മാസം ഗർഭിണിയായിരുന്ന കസ്തൂരി ഛർദിക്കാനായി കമ്പാർട്ട്മെന്റിലെ വാഷ് ബേസിന് സമീപം നിൽക്കുന്നതിനിടെ പുറത്തേക്ക് തെറിച്ച് വീഴുകയായിരുന്നു.

ബന്ധുക്കൾ ഉടൻതന്നെ അപായച്ചങ്ങല വലിച്ചെങ്കിലും ട്രെയിൻ നിന്നില്ല. തുടർന്ന് അടുത്ത കമ്പാർട്ട്മെന്റിൽ പോയി അപായച്ചങ്ങല വലിച്ച് ട്രെയിൻ നിർത്തിക്കുകയായിരുന്നു. അപ്പോഴേക്കും ട്രെയിൻ എട്ട് കിലോമീറ്ററോളം പിന്നിട്ട് കഴിഞ്ഞു. കസ്തൂരിക്കായി ട്രാക്കിൽ തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ സാധിച്ചില്ല. തുടർന്ന് കുടുംബം റെയിൽവേ പോലീസിൽ പരാതി നൽകി.

പോലീസ് നടത്തിയ അന്വേഷണത്തിൽ വെള്ളിയാഴ്ച പുലർച്ചെ പൂവനൂരിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയത്. അപായച്ചങ്ങല പ്രവർത്തിച്ചിരുന്നെങ്കിൽ യുവതിയെ രക്ഷിക്കാനാകുമായിരുന്നു എന്നാണ് ബന്ധുക്കൾ പറയുന്നത്. ഒമ്പത് മാസം മുമ്പായിരുന്നു കസ്തൂരിയുടെയും സുരേഷ് കുമാറിന്റെയും വിവാഹം.

ട്രെയിൻ കൊല്ലത്ത് എത്തിയ ശേഷം റെയിൽവേ അധികൃതരും ആർപിഎഫ് ഉദ്യോഗസ്ഥരും കമ്പാർട്ട്മെന്റിൽ പരിശോധന നടത്തി. അപായച്ചങ്ങല കൃത്യമായി പ്രവർത്തിച്ചിരുന്നോ എന്നതും എവിടെയാണ് വീഴ്ച സംഭവിച്ചതെന്നും കണ്ടെത്താൻ പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്.

ജൂൺ മൂന്നിന് സ്കൂൾ തുറക്കും; സുരക്ഷ ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി

സംസ്ഥാനത്തെ സ്കൂളുകൾ ജൂൺ മൂന്നിന് തുറക്കും. മുഖ്യമന്ത്രി വിളിച്ച ഉന്നതതല യോഗത്തിലാണ് തീരുമാനം. ജൂൺ മൂന്നിലെ പ്രവേശനോൽസവത്തോടെയാണ് അധ്യയന വർഷത്തിന് തുടക്കമാവുക. അതിന് മുന്നോടിയായി സ്കൂളിൻറെ സുരക്ഷ ഉറപ്പുവരുത്തണമെന്നും അറ്റകുറ്റപ്പണികൾ നടത്തണമെന്നും ഉന്നതതല യോഗത്തിൽ നിർദേശം ഉയർന്നു. അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് എല്ലാ സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. ജില്ലാതല ജനജാഗ്രത സമിതി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സ്കൂളും പരിസരവും വൃത്തിയാക്കണം. ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കണം. സ്കൂളുകളിൽ നിർത്തിയിട്ട ഉപയോഗശൂന്യമായ വാഹനങ്ങൾ നീക്കം ചെയ്യണം. ഉപയോഗശൂന്യമായ ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവ നീക്കം ചെയ്യുകയോ പ്രത്യേക മുറിയിൽ സൂക്ഷിക്കുകയോ വേണം. സ്കൂൾ പരിസരത്തെ അപകടാവസ്ഥയിലുള്ള മരങ്ങൾ, ബോർഡുകൾ, ഹോർഡിംഗ്സ് എന്നിവ മാറ്റണം. സ്കൂളിലേയ്ക്കുള്ള വഴി, പരിസരം എന്നിവിടങ്ങളിലെ അപകടാവസ്ഥയിൽ നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ, വൈദ്യുത കമ്പികൾ എന്നിവ ഒഴിവാക്കണം തുടങ്ങിയവയാണ് മറ്റ് പ്രധാന നിർദേശങ്ങൾ.

സ്കൂൾ ബസുകൾ, സ്കൂളിൽ കുട്ടികളെ എത്തിക്കുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. ഗോത്ര വിദ്യാർത്ഥികൾക്ക് ഗോത്ര ഭാഷയിൽ വിദ്യാഭ്യാസം ചെയ്യാൻ അവസരം നൽകുന്നതിനും പിന്തുണ ഉറപ്പാക്കുന്നതിനും നിയമിച്ച മെന്റർ ടീച്ചർമാർ സ്കൂൾ തുറക്കുന്ന ദിവസം തന്നെ എത്തുമെന്ന് ഉറപ്പാക്കണം. എല്ലാ കുട്ടികളും സ്കൂളുകളിൽ എത്തുന്നുവെന്ന് ട്രൈബൽ പ്രൊമോട്ടർമാർ ഉറപ്പാക്കണം. ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം ക്യാംപെയ്ൻ നടത്തണം. വസ്ത്രം, പുസ്തകം, ഉച്ചഭക്ഷണം ഉറപ്പാക്കണം.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലഹരി മുക്തമാക്കാൻ കുട്ടികൾ, രക്ഷകർത്താക്കൾ, അധ്യാപകർ എന്നിവരുടെ സഹകരണം ഉറപ്പാക്കണം. രക്ഷകർത്താക്കളെ പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ ബോധവൽക്കണ ക്ലാസ് സംഘടിപ്പിക്കാനും തീരുമാനമായി.

റെഡ് അലർട്ട് പിൻവലിച്ചു

തിരു:കേരള തീരത്ത് കടലേറ്റ സാധ്യതയെന്ന റെഡ് അലർട്ട് പിൻവലിച്ചു. ദേശീയ സമുദ്ര ഗവേഷണ കേന്ദ്രം ഓറഞ്ച് അലർട്ടാക്കി. രാത്രി എട്ടുമണിയോടെ കടലേറ്റ സാധ്യതയെന്ന് മുന്നറിയിപ്പ്

താനൂർ കസ്റ്റഡി മരണം: പ്രതികളായ നാല് പോലീസുകാരെ സി.ബി.ഐ. അറസ്റ്റ് ചെയ്തു

മലപ്പുറം: താനൂർ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസിൽ നാല് പോലീസുകാരെ സി.ബി.ഐ. അറസ്റ്റ് ചെയ്തു. സിവിൽ പോലീസ് ഓഫീസർമാരായ ഒന്നാംപ്രതി ജിനേഷ്, രണ്ടാംപ്രതി ആൽബിൻ അഗസ്റ്റിൻ, മൂന്നാംപ്രതി അഭിമന്യു, നാലാംപ്രതി വിപിൻ എന്നിവരെയാണ് സി.ബി.ഐ. അറസ്റ്റ് ചെയ്തത്. ഇന്ന് പുലർച്ചെ ഇവരുടെ വീടുകളിലെത്തിയാണ് പ്രതികളെ സി.ബി.ഐ. സംഘം കസ്റ്റഡിയിലെടുത്തത്. കേസ് സി.ബി.ഐ. ഏറ്റെടുത്തശേഷമുള്ള ആദ്യ അറസ്റ്റാണിത്. പ്രതികളെല്ലാം മലപ്പുറം എസ്.പി.യുടെ ലഹരിവിരുദ്ധ സ്ക്വാഡിലെ അംഗങ്ങളായിരുന്നു.

2023 ഓഗസ്റ്റ് ഒന്നാം തീയതി പുലർച്ചെയാണ് മമ്പുറം സ്വദേശിയായ താമിർ ജിഫ്രി താനൂർ പോലീസിന്റെ കസ്റ്റഡിയിലിരിക്കെ മരിച്ചത്. ലഹരിമരുന്നുമായി പോലീസ് പിടികൂടിയ താമിർ ജിഫ്രിയെ താനൂർ പോലീസ് ക്വാർട്ടേഴ്സിലെത്തിച്ച് ക്രൂരമായി മർദിച്ചെന്നും ഇതാണ് മരണത്തിന് കാരണമായതെന്നുമാണ് പരാതി. പോസ്റ്റ്മോർട്ടം റിപ്പോർട്ടിലും താമിർ ജിഫ്രിക്ക് ക്രൂരമർദനമേറ്റതിനെ തെളിവുകൾ കണ്ടെത്തിയത്. ആകെ 21 മുറിപ്പാടുകളാണ് യുവാവിന്റെ ശരീരത്തിലുണ്ടായിരുന്നത്. ഇതിൽ 19 മുറിവുകൾ മരണത്തിന് മുൻപും രണ്ടെണ്ണം മരണശേഷവും സംഭവിച്ചതാണെന്നായിരുന്നു കണ്ടെത്തൽ. യുവാവിന്റെ ആമാശയത്തിൽനിന്ന് മഞ്ഞദ്രാവകമടങ്ങിയ രണ്ട് പ്ലാസ്റ്റിക് കവറുകളും കണ്ടെത്തിയിരുന്നു. ഇത് യുവാവ് വിഴുങ്ങിയ മയക്കുമരുന്നാണെന്നായിരുന്നു റിപ്പോർട്ട്.

ശ്വാസകോശത്തിലെ നീർക്കെട്ടാണ് മരണകാരണമെങ്കിലും ശരീരത്തിലേറ്റ മർദനമാണ് ഈ നീർക്കെട്ടിന് കാരണമായതെന്നായിരുന്നു ഫൊറൻസിക് സർജന്റെ മൊഴി. അമിത അളവിലുള്ള ലഹരി ഉപയോഗവും നീർക്കെട്ടിന് കാരണമായിരുന്നു.

ചേളാരിയിൽനിന്ന് ലഹരിമരുന്നുമായി താമിർ ഉൾപ്പെടെ 12 പേരെയാണ് മലപ്പുറം എസ്.പി.യുടെ ലഹരിവിരുദ്ധ സ്ക്വാഡ് കസ്റ്റഡിയിലെടുത്തിരുന്നത്. തുടർന്ന് താമിർ അടക്കമുള്ളവരെ താനൂർ പോലീസ് ക്വാർട്ടേഴ്സിലെത്തിച്ചു. ഇവിടെവെച്ച് താമിറിനെ പോലീസ് സംഘം ക്രൂരമായി മർദിക്കുകയായിരുന്നു.

സംഭവത്തിൽ ക്രൈംബ്രാഞ്ചാണ് ആദ്യം അന്വേഷണം നടത്തിയത്. എന്നാൽ, ഈ അന്വേഷണത്തിൽ തൃപ്തരല്ലെന്ന് ചൂണ്ടിക്കാട്ടി നിയമപോരാട്ടത്തിനിറങ്ങി. മലപ്പുറം എസ്.പി.യായിരുന്ന എസ്.സുജിത്ത് ദാസ് അടക്കമുള്ളവർക്കെതിരേയും ആരോപണമുയർന്നു. തുടർന്നാണ് കേസ് സി.ബി.ഐ.ക്ക് വിട്ടത്.

നഗ്നവീഡിയോ പകർത്തി ഭീഷണി; ബംഗാൾ സ്വദേശിയെ കൊന്നത് പരിചയക്കാരായ ദമ്പതിമാർ

പെരിന്തൽമണ്ണ(മലപ്പുറം): ബംഗാൾ സ്വദേശി പെരിന്തൽമണ്ണയിലെ വാടക ക്വാർട്ടേഴ്സിൽ കൊല്ലപ്പെട്ടത് സ്ത്രീയുടെ നഗ്നവീഡിയോ ഫോണിൽ പകർത്തി ബ്ലാക്ക്മെയിൽ ചെയ്തതിന്റെ വിരോധത്താലെന്ന് പോലീസ്. അതേ നാട്ടുകാരായ ദമ്പതിമാർ കേസിൽ അറസ്റ്റിലായി.

പെരിന്തൽമണ്ണ ഗാന്ധിനഗറിലെ വാടക ക്വാർട്ടേഴ്സിൽ താമസിച്ചിരുന്ന പശ്ചിമബംഗാൾ സൗത്ത് 24 പർഗാനാസ് ഹരിപുർ സ്വദേശി ദീപാങ്കർ മാജി (38) കൊല്ലപ്പെട്ട കേസിലാണ് പ്രതികളെ ബംഗാളിൽ അറസ്റ്റ് ചെയ്തത്. പുറത്തുനിന്ന് പൂട്ടിയ മുറിയിൽ കഴിഞ്ഞ ഞായറാഴ്ചയാണ് ദീപാങ്കർ മാജിയെ മരിച്ച നിലയിൽ കണ്ടെത്തിയത്. ബംഗാളിലെത്തിയ പെരിന്തൽമണ്ണ പോലീസ് സംഘം കോടതിയുടെ അനുമതിയോടെ പ്രതികളെ വ്യാഴാഴ്ച പെരിന്തൽമണ്ണയിലെത്തിച്ചു.

പോലീസ് പറയുന്നത്: കൊല്ലപ്പെട്ട ദീപാങ്കർ മാജിയുടെ നാട്ടുകാരായ ദമ്പതിമാർ ഒരു കുട്ടിയുമൊന്നിച്ച് ഇടക്കിടെ ഇയാളുടെ മുറിയിലെത്താറുണ്ടായിരുന്നു. ഇവർ പെരിന്തൽമണ്ണയിൽ മറ്റൊരിടത്താണ് താമസിച്ചിരുന്നത്. ഇതിനിടെ ദമ്പതിമാരിൽ, ഭാര്യയുടെ നഗ്നവീഡിയോ ദീപാങ്കർ ഫോണിൽ എടുത്തു. അതുകാണിച്ച് പല ദിവസങ്ങളിലായി ബ്ലാക്ക്മെയിൽ ചെയ്തു. ഇതിലെ വിരോധം വെച്ച് ദീപാങ്കറിനെ കൊലപ്പെടുത്താൻ തീരുമാനിക്കുകയായിരുന്നു.

ഇതിനായി ഭർത്താവ് പല ദിവസങ്ങളിലായി വാങ്ങിയ ഉറക്കഗുളികകളുമായി 26–ന് യുവതി ദീപാങ്കർ താമസിക്കുന്നിടത്തെത്തി. സൗഹൃദം നടിച്ച് ഇയാളറിയാതെ ഉറക്കഗുളിക വെള്ളത്തിൽ കലർത്തി നൽകി. മയക്കിക്കിടത്തിയശേഷം ഭർത്താവിനെ വിളിച്ചുവരുത്തി. രണ്ടുപേരും ചേർന്ന് തലയിണ മുഖത്തമർത്തി ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുകയായിരുന്നു. ദീപാങ്കറിന്റെ ഫോണുമെടുത്ത് മുറി പൂട്ടി നാട്ടിലേക്ക് പോയി.

ഇവർ 26–ന് ദീപാങ്കറിന്റെ വീട്ടിലെത്തി എന്ന സാക്ഷിമൊഴിയാണ് കേസിൽ വഴിത്തിരിവായത്. കൊലപാതകത്തിനുശേഷം 28–ന് ഉച്ചയോടെയാണ് ദീപാങ്കറിന്റെ മൃതദേഹം കണ്ടെത്തിയത്.

പോലീസ് അന്വേഷണത്തിൽ ഇരുവരും അവരുടെ താമസസ്ഥലത്തില്ലെന്നും രണ്ടു ദിവസം മുൻപ് പോയതായും വ്യക്തമായി. ഫോണുകളുടെ ടവർ ലൊക്കേഷൻ കാണിച്ചത് ബംഗാളിലായിരുന്നു. തുടർന്ന് ബംഗാൾ പോലീസിനെ സമീപിച്ചു. പ്രതികളായ ദമ്പതിമാരെ അവർ തടഞ്ഞുവെയ്ക്കുകയും 30ന് അറസ്റ്റ് ചെയ്യുകയുമായിരുന്നു.

പെരിന്തൽമണ്ണ പോലീസ് ഇൻസ്പെക്ടർ എൻ.എസ്. രാജീവിന്റെ നേതൃത്വത്തിലായിരുന്നു അന്വേഷണം. എസ്.ഐ. സി.എസ്. രമേശ്, എ.എസ്.ഐ. അനിത, സി.പി.ഒ. കൃഷ്ണപ്രസാദ് എന്നിവരാണ് ബംഗാളിലെത്തി പ്രതികളെ കൊണ്ടുവന്നത്. പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

വാഹന പരിശോധനയ്ക്കിടെ യുവാവിനെതിരെ കള്ളക്കേസെന്ന് പരാതി;

എസ് ഐ ഉൾപ്പെടെ രണ്ട് പേർക്ക് സ്ഥലംമാറ്റം

കട്ടപ്പന: ഇരട്ടയാറിൽ യുവാക്കൾക്കെതിരെ കള്ളക്കേസെടുത്ത സംഭവത്തിൽ എസ്.ഐ.യ്ക്കും സി.പി.ഒ.യ്ക്കും സ്ഥലംമാറ്റം. കട്ടപ്പന പ്രിൻസിപ്പൽ എസ്.ഐ. സുനേഷ് ജെയിംസിനും സി.പി.ഒ. മനു പി.ജോസിനുമെതിരെയാണ് നടപടി.

ഏപ്രിൽ 25–ന് ഇരട്ടയാറിൽ വാഹന പരിശോധനയ്ക്കിടെ കട്ടപ്പന സ്റ്റേഷനിലെ സി.പി.ഒ. മനു പി. ജോസിന് പരിക്കേറ്റിരുന്നു. പ്രായപൂർത്തിയാകാത്ത രണ്ടു യുവാക്കളും പുളിയൻമല മടുക്കോലിപ്പറമ്പിൽ ആസിഫ് (18) എന്ന യുവാവും ചേർന്ന് വാഹനമിടിപ്പിച്ചാണ് ഉദ്യോ?ഗസ്ഥനെ പരിക്കേൽപ്പിച്ചതെന്ന് ചൂണ്ടിക്കാട്ടി പോലീസ് മൂവർക്കുമെതിരെ കേസെടുത്തു.

എന്നാൽ, പിന്നീട് സംഭവവുമായി ബന്ധപ്പെട്ട് പ്രായപൂർത്തിയാകാത്ത യുവാക്കളെ പോ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തൃശൂർ പൂരം പ്രതിസന്ധി: മുഖ്യമന്ത്രിയോട് ചർച്ച ചെയ്ത് തിരുവമ്പാടി ദേവസ്വം

തൃശൂർ പൂരത്തിനുണ്ടായ പ്രതിസന്ധി മുഖ്യമന്ത്രിയോട് ചർച്ച ചെയ്ത് തിരുവമ്പാടി ദേവസ്വം. തൃശ്ശൂരിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയനെ തിരുവമ്പാടി ദേവസ്വം ഭാരവാഹികൾ കാണുകയായിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിൽക്കുന്നതിനാൽ തൃശൂർ പൂരം നടത്തിപ്പിന് പരിമിതി ഉണ്ടായതായും അടുത്ത തൃശൂർ പൂരം ഭംഗിയായി നടത്തുവാൻ പരിപൂർണ സഹകരണം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്നു മുഖ്യമന്ത്രി പറഞ്ഞു. തിരുവമ്പാടി പ്രസിഡന്റ് പത്മശ്രീ ഡോ. ടി.എ സുന്ദർമേനോൻ, സെക്രട്ടറി കെ. ഗിരീഷ്കുമാർ, ജോയിന്റ് സെക്രട്ടറി പി ശശിധരൻ, വിജയ്മേനോൻ, എന്നിവരാണ് മുഖ്യമന്ത്രിയുമായി കൂടികാഴ്ച്ച നടത്തിയത്. മുഖ്യമന്ത്രിയ്ക്ക് തൃശൂർ പൂരത്തിന്റെ ഫോട്ടോ ഭാരവാഹികൾ സമ്മാനിച്ചു.

"സമ്പന്ന മാലിന്യം" പുതിയ ബാച്ച് 2024 മെയ് 27 ന് ആരംഭിക്കുന്നു

തൃശൂർ: കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "സമ്പന്ന മാലിന്യം" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മെയ് 27 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ മെയ് 26 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്.

www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് മെയ് 27 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

സി പി എം എന്ന സംഘടന പിരിച്ചുവിടണം: ആർ എച്ച് ഐ എ

തൃശൂർ: പഴയ തലമുറ ജീവൻ നൽകി രക്തം നൽകി സമ്പത്തും ആയുസ്സും പണയം വെച്ച്കെട്ടിപ്പടുത്ത പ്രസ്ഥാനം ലോകത്തിൽ ആദ്യമായി 1957 ൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യ കമ്മ്യൂണിസ്റ്റ് മതേതര ജനാധിപത പ്രസ്ഥാനം ഇന്ന് ചില അഴിമതിക്കാരുടെയും ആദർശം വിറ്റ് കാശാക്കിയ ആളുകളുടെ വ്യക്തിപരമായ നേട്ടങ്ങൾക്കും ജനാധിപത്യവും മതേതരത്വവും തരം പോലെ ഉപയോഗിക്കുകയും ചെയ്യുന്നവർ ധിരരക്തസാക്ഷികളുടെയും കയ്യൂരിലെയും കരിവെള്ളൂരിലെയും ഓർമ്മകൾ പേറുന്ന ഒരു സമൂഹത്തെ തന്നെ ഇല്ലായ്മ ചെയ്യുന്നതിനേക്കാൾ ഈ പ്രസ്ഥാനം പിരിച്ചു വിടുന്നതാണ് നല്ലതെന്ന് റിട്ട. ഹെൽത്ത് ഇൻസ്പെക്ടേർസ് അസോസ്സിയേഷൻ സംസ്ഥാന പ്രസിഡണ്ട് പവിത്രൻ ടി.എസും ജനറൽ സ്വരെകട്ടറി കെ.ബി. പ്രേമരാജനും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ഞങ്ങൾ കോവിഡ്19 കാലഘട്ടത്തിൽ പറഞ്ഞിരുന്ന പി.പി.ഇ. കിറ്റ് അഴിമതി മുതൽ കോവിഡ് ഷീൽഡ് വാക്സിൻ വിതരണത്തിലും മറ്റും നടന്ന അഴിമതിയെല്ലാം തുറന്ന്കാണിച്ചത്എല്ലാം ശരിയായിരുന്നുവെന്ന്ഇന്ന്സർക്കാരിനും അധികാരിവർഗ്ഗത്തിനും സമ്മതിക്കേണ്ടിവന്നത് ആർ എച്ച് ഐ എ ജനങ്ങളോട ഉത്തരവാദിത്വമുള്ള ഒരു സംഘടന എന്നത് തെളിയിക്കുവാൻ കഴിഞ്ഞതിൽ ജനങ്ങളോടൊപ്പം സന്തോഷിക്കുന്നു. കോവിഡ് ഷീൽഡ് വാക്സിൻ എടുത്തവരുടെ ബുദ്ധിമുട്ടുകൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ട ഒരു അന്വേഷണവും ഇതുവരെയുനണ്ടായിട്ടില്ല. വാക്സിൻ കമ്പനിയിൽ നിന്ന്50 കോടി രൂപ ഇലക്രടൽ ബോണ്ടായി ശേഖരിച്ചത് ക്രേന്ദഗവൺമെന്റ് ആരുടെ സംരക്ഷണത്തിന് വേണ്ടിയാണെന്ന് ക്രേന്ദഗവൺമെന്റും ബി.ജി.പി. യും ജനങ്ങളോട വ്യക്തമാക്കണം.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ കഴിയാതിരിക്കുകയും അഴിമതിയും അഹങ്കാരവും സ്വാർത്ഥ താൽപര്യവും മാര്തം മുതൽക്കൂട്ടായ ഭരണ സംവിധാനവും പാർട്ടിയും പിരിച്ചു വിടുന്നതാണ് ഈ പ്രസ്ഥാനം ജനങ്ങളുടെ ഓർമ്മയിൽ എന്നും നിലനിൽക്കുവാൻ നല്ലത്

കർഷകർക്ക് സബ്സിഡി നൽകുന്നു

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകർക്ക് സബ്സിഡി നൽകുന്നു. പായ്ക്ക് ഹൗസ്, സംയോജിത പായ്ക്ക് ഹൗസ്/ ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസ്, പ്രീ കൂളിംഗ് യൂണിറ്റ്, കോൾഡ് റൂം (സ്റ്റേജിങ്), മൊബൈൽ പ്രീ കുളിംഗ് യൂണിറ്റ്, കോൾഡ് സ്റ്റോറേജ് (ടൈപ്പ് 1, ടൈപ്പ് 2), റീഫർ വാൻ, പ്രൈമറി /മൊബൈൽ /മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ്, റൈപ്പനിംഗ് ചേംബർ, ഗ്രാമീണ വിപണി/ റൂറൽ മാർക്കറ്റ്, ചില്ലറ വിൽപ്പനശാല/ റീടെയിൽ ഔട്ട്‌ലെറ്റ്, സ്റ്റാറ്റിക് /മൊബൈൽ വെന്റിംഗ് കാർട്ട് (ഉന്തുവണ്ടി), പ്ലാറ്റ്ഫോമോടുകൂടിയ കൂൾ ചേംബർ, സംഭരണം-തരം തിരിക്കൽ- പായ്ക്കിങ് എന്നിവക്കായുള്ള അടിസ്ഥാന സൗകര്യ വികസനം/ ഫങ്ഷണൽ ഇൻഫ്രാസ്ട്രക്ച്ചർ ഫോർ കളക്ഷൻ- ഗ്രേഡിംഗ്- പാക്കിങ്, ഗുണമേന്മ പരിശോധന ലാബ് (ക്വാളിറ്റി കൺട്രോൾ /അനാലിസിസ് ലാബ്), കൂൺ ഉല്പ്പാദന യൂണിറ്റ്, കൂൺ വിത്ത് ഉല്പ്പാദന യൂണിറ്റ് എന്നീ ഘടകങ്ങൾക്കാണ് സബ്സിഡി നൽകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 100 ശതമാനവും സ്വകാര്യ മേഖല സ്ഥാപനങ്ങൾ/വ്യക്തികൾക്ക് 35 മുതൽ 40 ശതമാനവും സബ്സിഡി ലഭിക്കും. അവസാന തീയതി മെയ് 10. ഫോൺ: 8086606434, 9048816296.

കഥകളി ക്ലബ്ബിന്റെ രാംഗോത്സവം രണ്ടാം ദിവസം

തൃശൂർ: കഥകളി ക്ലബ്ബിന്റെ രാംഗോത്സവം രണ്ടാം ദിവസം ക്ലബ്ബിന്റെ ആദ്യകാല സാരഥിയായ ടി കൃഷ്ണൻകുട്ടി മേനോന്റെ സ്മൃതിദിനമായിട്ടാണ് ആചരിച്ചത്.

സംഗീതനാടക അക്കാദമിയുടെ കെ. ടി. മുഹമ്മദ് സ്മാരക തിയേറ്ററിൽ ഇന്നലെ നടന്ന ചടങ്ങിൽ അഡ്വ. ഓ. എം രവി കൃഷ്ണൻകുട്ടിമേനോനെ അനുസ്മരിച്ചു.

രാംഗോത്സവം രണ്ടാം ദിവസം ഉത്ഘാടനം ചെയ്തുകൊണ്ട് കഥകളിയിലെ താളവും പാരമ്പര്യ താളപദ്ധതികളും എന്ന വിഷയത്തിൽ സജനീവ് ഇത്തിത്താനം പ്രഭാഷണം നിർവ്വഹിച്ചു.

കഥകളിയിലെ വിവിധ വിഭാഗങ്ങളിലായി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സമ്മാനാർഹരായ ജില്ലയിലെ വിദ്യാർത്ഥികളെ ക്ലബ്ബ് അനുമോദിച്ചു. സംഗീതനാടക അക്കാദമി അഡ്മിനിസ്ട്രേറ്റർ ശുഭ, കെ ബാബു, എന്നിവർ പ്രസംഗിച്ചു.

വൈകീട്ട് 3 മണിക്ക് കലാമണ്ഡലം രാജശേഖരൻ സംവിധാനം ചെയ്ത് അവതരിപ്പിച്ച കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയുടെ രംഗാവിഷ്കരണവുമുണ്ടായി.

കവിതയുടെ ലാവണ്യതലത്തെക്കുറിച്ച് ഡോ എ. എൻ കൃഷ്ണൻ സംസാരിച്ചു. തുടർന്ന് 6.30 മുതൽ കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ കോട്ടക്കൽ നാരായണൻ, കലാമണ്ഡലം കൃഷ്ണദാസ് എന്നീ പ്രഗത്ഭർ പങ്കെടുത്ത കാലകേയ വധം കഥകളിയുമുണ്ടായി.

വണ്ടി ചെക്ക് കേസുകളിൽ പ്രതികളെ വെറുതെ വിട്ടു

തൃശൂർ: ബി ആർ ഡി സെക്യൂരിറ്റീസ് വാദിയായി സുബ്രഹ്മണ്യൻ മകൻ സുഭജൻ, മനക്കോട്ടുവളപ്പിൽ, കാഞ്ഞിരക്കോട് എന്നവർക്കെതിരെ CC.724/2016 നമ്പ്രായി ഫയൽ ചെയ്ത കേസ് പ്രതി കുറ്റക്കാരനല്ലെന്ന് കണ്ട് തൃശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് നമ്പർ 3 സാന്ദ്രമേരി എന്നവർ വെറുതെ വിട്ട് ഉത്തരവായി. പ്രതിക്കുവേണ്ടി അഡ്വ. സോജൻ വില്ലടം ഹാജരായി.

സമർപ്പണം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഒളരിക്കര, തൃശൂർ എന്നവർ വാദിയായി ലെനിൻ സി കൃഷ്ണൻ, ചിറ്റൂർ ഹൗസ്, പി ഒ തളിക്കുളം എന്നവർക്കെതിരെ ഫയൽ ചെയ്ത് താഴെ കോടതി ശിക്ഷിച്ച ഉത്തരവ് മേൽ കോടതി മൂന്നാം അഡീഷ്ണൽ ജഡ്ജ് മിനിമോൾ ടി കെ എന്നവർ ക്രിമിനൽ അപ്പീൽ 157/2016 നമ്പർ ഹരജിയിലെ ഉത്തരവ് പ്രകാരം സെറ്റ് സൈഡ് ചെയ്ത് പ്രതിയെ വെറുതെ വിട്ട് ഉത്തരവായി. പ്രതിക്കുവേണ്ടി അഡ്വ. സോജൻ വില്ലടം ഹാജരായി.

തൃശൂർ പ്രാഥമിക സഹകരണ സംഘം (എംപ്ലോയീസ് പെൻഷനേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആർ 1253) എന്നവർ വാദിയായി ഗോപുരത്തിങ്കൽ വെളുത്തേടത്ത് രാമൻ മകൻ സുനിൽകുമാർ, ഊരകം എന്നവർക്കെതിരെ ST.152/2019, ST.153/2019 നമ്പ്രായി ബോധിപ്പിച്ച കേസുകളിൽ പ്രതി കുറ്റക്കാരനല്ലെന്ന് കണ്ട് അഡീഷ്ണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, തൃശൂർ ഡൊണാൾഡ് സെക്യൂറ വെറുതെ വിട്ട് ഉത്തരവായി. പ്രതിക്കുവേണ്ടി അഡ്വ. സോജൻ വില്ലടം ഹാജരായി.

എം.എ ആന്ത്രോപോളജി കോഴ്സിന് മെയ് 20 വരെ അപേക്ഷിക്കാം

തൃശൂർ: കണ്ണൂർ സർവകലാശാല ഡോ. ജാനകി അമ്മാൾ ക്യാമ്പസ്സിലെ നരവംശശാസ്ത്ര വകുപ്പിൽ 2024-25 അധ്യയന വർഷത്തേക്കുള്ള എം.എ ആന്ത്രോപോളജി പ്രവേശനത്തിന് മെയ് 20 വരെ അപേക്ഷിക്കാം. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം മാർക്കോ തത്തുല്യ ഗ്രേഡോ ആണ് യോഗ്യത. താൽപര്യമുള്ളവർ admission.kannuruniversity.ac.in എന്ന കണ്ണൂർ സർവകാലശാല വെബ്സൈറ്റിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല ഹെൽപ്പ്ലൈനുമായി ബന്ധപ്പെടുക. ഫോൺ: 04972715261, 04972715286.

ആർ ബാലകൃഷ്ണപിള്ളയുടെ ചരമവാർഷികം ആചരിച്ചു

തൃശൂർ: കേരള കോൺഗ്രസ് പാർട്ടിയുടെ സ്ഥാപക നേതാവ് ആർ ബാലകൃഷ്ണ പിള്ളയുടെ ചരമ വാർഷിക ദിനത്തിൽ തൃശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുസ്മരണ യോഗവും പുഷ്പാർ ച്ചനയും നടത്തി. അനുസ്മരണ യോഗം കോൺഗ്രസ് എസ് സംസ്ഥാന ജനറൽ സെക്രട്ടറി സി ആർ വത്സൻ ഉദ്ഘാടനം ചെയ്ത് അനുസ്മരണ പ്രഭാഷണം നടത്തി. പാവങ്ങൾക്കു വേണ്ടിയു കർഷകർക്കുവേണ്ടയും ധീരമായി പോരാടുകയും സംസ്ഥാനത്തിന്റെ വികസനത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പ്രവർത്തനം വലുതാണെന്നും പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡണ്ട് ഷൈജു ബഷീർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ കെ സുബ്രഹ്മണ്യൻ ചാവക്കാട്, മാഹിൻ കാളത്തോട്, മേഴ്സി ആന്റണി, സുമീഷ് ചേലക്കര, നിഷാദ് വട്ടക്കല്ല്, അരുൺ മേനോൻ എന്നിവർ സംസാരിച്ചു.

സമ്പൂർണ്ണ ഹജ്ജ് പഠന ക്ലാസിന് ഇന്ന് തുടക്കമായി

തൃശൂർ: ഹജ്ജ് ഉംറ സേവന രംഗത്ത് കാൽ നൂറ്റാണ്ടിന്റെ സേവന പാരമ്പര്യമുള്ള ഹാഷിമി ഹജ്ജ് ഉംറ സർവ്വീസ് ഈ വർഷത്തെ ഹജ്ജ് യാത്ര ഉദ്ദേശിക്കുന്നവർക്കായി മൂന്ന് ദിവസങ്ങളിലായി നടത്തപ്പെടുന്ന സമ്പൂർണ്ണ ഹജ്ജ് പഠന ക്ലാസ്സിന് ഇന്ന് തുടക്കം കുറിക്കും. ഇന്ന് മുതൽ മൂന്ന് ദിവസങ്ങളിൽ രാവിലെ 9.00 മണിക്ക് വാടാനപ്പള്ളി മദാർ കോൺഫ്രൻസ് ഹാളിലും മെയ് 7, 8, 9 തിയ്യതികളിൽ രാവിലെ 9.00 മണിക്ക് വടക്കേകാട് ടി എം കെ ഹാളിലും ക്ലാസ് നടക്കും

ഹജ്ജ് ക്ലാസിന് ഹാഷിമി ചീഫ് അമീർ സയ്യിദ് ഫസൽ തങ്ങൾ വാടാനപ്പള്ളി നേതൃത്വം നൽകും. ഗവൺമെന്റ് ഹജ്ജ് സെൽ വഴിയും പ്രൈവറ്റിലുമായി ഹജ്ജ് യാത്ര ഉദ്ദേശിക്കുന്ന എല്ലാവർക്കും ക്ലാസിൽ പങ്കെടുക്കാമെന്ന് സംഘാടകർ അറിയിച്ചു

കൊപ്ര സംഭരണം

തൃശൂർ: കേരളത്തിലെ നാളികേര കർഷകരിൽ നിന്നും ഗുണനിലവാരമുള്ള മില്ലിംഗ് കൊപ്ര ക്വിന്റലിന് 11160 രൂപ നിരക്കിലും ഉണ്ട കൊപ്ര ക്വിന്റലിന് 12000 രൂപ നിരക്കിലും മൂന്നുമാസത്തേക്ക് സർക്കാർ സംഭരിക്കുന്നു. വി എഫ് പി സി കെ, മാർക്കറ്റ് ഫെഡ് സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികളെയാണ് കൊപ്ര സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് അതത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

നിര്യാതനായി

ജോസ്

അവിട്ടത്തൂർ: ചിറ്റിലപ്പിള്ളി കോക്കാട്ട് കൊച്ചു ദേവസ്സി മകൻ ജോസ് (88) നിര്യാതനായി. ഭാര്യ: മേരി ജോസ് മക്കൾ: ബെറ്റി, ഡെയ്സി, കൊച്ചു ദേവസ്സി, സി.ഡോ. റോസ് ജോസ് ഇഒ എ മരുമക്കൾ : ജോസ് കാച്ചപ്പിള്ളി, പോൾസൺ പഴയാറ്റിൽ, മേരി അമ്പാട്ട് - സംസ്കാരം ഇന്ന് വൈകീട്ട് 5 മണിക്ക് അവിട്ടത്തൂർ തിരുകുടുംബ ദേവാലയ സെമിത്തേരിയിൽ

ഇരിങ്ങാലക്കുട രൂപതയിൽ ദിവ്യകാരുണ്യ കോൺഗ്രസ് മെയ് 19ന്

ദിവ്യകാരുണ്യ സന്ദേശ യാത്രക്കു ഇന്നു തുടക്കം കുറിക്കും

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട രൂപതയുടെ ചരിത്രത്തിലാദ്യമായി നടത്തപ്പെടുന്ന ദിവ്യകാരുണ്യ കോൺഗ്രസ് മെയ് 19 ന് ഞായറാഴ്ച ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ നടക്കും. കേരള സഭയുടെ നവീകരണത്തിന്റെ ഭാഗമായും ഇരിങ്ങാലക്കുട രൂപതയുടെ സുവർണ്ണ ജൂബിലിക്ക് ഒരുക്കമായുമാണ് ദിവ്യകാരുണ്യ കോൺഗ്രസ് നടത്തുന്നത്. രൂപതയിലെ അറുപതിനായിരത്തോളം കുടുംബങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുപത്തയ്യായിരം പേർ ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും. ദിവ്യകാരുണ്യ ആരാധന, സമൂഹബലി, ദിവ്യകാരുണ്യ പ്രദക്ഷിണം, സെമിനാറുകൾ എന്നിവ നടക്കും. ദിവ്യകാരുണ്യ കോൺഗ്രസിന് മുന്നോടിയായി ഇന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ ദിവ്യകാരുണ്യ സന്ദേശ യാത്ര ഇരിങ്ങാലക്കുട രൂപതയിൽ നടത്തപ്പെടുന്നു. 1866ൽ വിശുദ്ധ ചാവറ അച്ചന്റെ നേതൃത്വത്തിൽ കേരള കത്തോലിക്ക സഭയിൽ ആദ്യമായി 40 മണിക്കൂർ ആരാധന നടത്തപ്പെട്ടതും ചാവറ അച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ വെച്ച് ഇന്ന് രാവിലെ 10ന് ദേവാലയ റെക്ടർ മോൺ. സെബാസ്റ്റ്യൻ ലൂയീസ് ഇരിങ്ങാലക്കുട രൂപതാ വികാരി ജനറാൾ മോൺ. ജോസ് മാളിയേക്കലിന് പതാക നൽകി സന്ദേശ യാത്ര ഉദ്ഘാടനം ചെയ്യും. തുടർന്ന് കൊടുങ്ങല്ലൂർ സെന്റ്മേരീസ് പള്ളിയിൽ നിന്ന് തുടരുന്ന യാത്ര വൈകീട്ട് ഏഴ് മണിക്ക് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ സമാപിക്കും. മെയ് അഞ്ച് ഞായറാഴ്ച രാവിലെ ഏഴിന് താണിശേരി ഡോളേഴ്സ് പള്ളിയിൽ നിന്ന് ആരംഭിക്കുന്ന യാത്ര വൈകീട്ട് ഏഴിനു തുറവൻകുന്ന് സെന്റ് ജോസഫ് ദേവാലയത്തിൽ സമാപിക്കും. മെയ് ആറിന് രാവിലെ ഏഴിന് വെളയനാട് സെന്റ് മേരീസ് പള്ളിയിൽ നിന്ന് ആരംഭിച്ച് വൈകീട്ട് 7.30ന് മാള സെന്റ് സ്റ്റിലാനോസ് പള്ളിയിൽ സമാപിക്കുന്നു. മെയ് ഏഴിന് രാവിലെ ഏഴിന് കൊടകര സെന്റ് ജോസഫ് പള്ളിയിൽ നിന്ന് ആരംഭിക്കുന്ന യാത്ര വൈകീട്ട് എട്ടിന് ചാലക്കുടി സെന്റ്മേരീസ് പള്ളിയിൽ സമാപിക്കുന്നു. നാല് ദിവസങ്ങളിലായി നടത്തുന്ന ദിവ്യകാരുണ്യ സന്ദേശ യാത്ര ഇരിങ്ങാലക്കുട രൂപതയിലെ 141 ഇടവക ദേവാലയങ്ങളിലും എത്തിച്ചേരും. മെയ് 12ന് പതാക ദിനത്തിൽ ഓരോ ഇടവകയിൽ ഉയർത്തുവാനുള്ള പതാകയും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേകം തയ്യാറാക്കുന്ന ബാഡ്ജുകളും അതാത് വികാരിമാർ ഏറ്റുവാങ്ങും. ദിവ്യകാരുണ്യ കോൺഗ്രസ്സിന് ഒരുക്കമായി വ്യക്തികളും കുടുംബങ്ങളും സംഘടനകളും പ്രസ്ഥാനങ്ങളും പരിശുദ്ധ അമ്മയുടെ മധ്യസ്ഥം പ്രാർത്ഥിച്ച് 5 ലക്ഷം ജപമാല ചൊല്ലും. രൂപതയുടെ സ്പിരിച്ചാലിറ്റി സെന്ററിൽ 40 മണിക്കൂർ ആരാധനയിൽ വിശ്വാസികൾ പങ്കെടുക്കും. ആളൂർ ബിഎൽഎം കപ്പേളയിൽ ബിഷപ്പ് മാർ പോളി കണ്ണൂക്കാടന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെ മെയ് ഒന്ന് മുതൽ അഖണ്ഡജപമാല ആരംഭിച്ചു. ദിവ്യാകാരുണ്യ സന്ദേശ യാത്രയുടെ ഒരുക്കങ്ങൾ പൂർത്തിയായതായി രൂപത വികാരി ജനറാൾ മോൺ. ജോസ് മാളിയേക്കൽ, കത്തീഡ്രൽ വികാരി റവ. ഡോ. ലാസർ കുറ്റിക്കാടൻ, ജനറൽ കൺവീനർ ഫാ. റിജോയ് പഴയാറ്റിൽ, പബ്ലിസിറ്റി കൺവീനർ ഫാ.ജോൺ കവലക്കാട്ട് (ജൂനിയർ), പബ്ലിസിറ്റി ജോയിന്റ് കൺവീനർ ടെൽസൻ കോട്ടോളി, ദിവ്യാകാരുണ്യ കോൺഗ്രസ് ജോയിന്റ് കൺവീനർ ലിംസൺ ഊക്കൻ, കുടുംബ സമ്മേളന കേന്ദ്രസമിതി പ്രസിഡന്റ് ജോഷി പുത്തിരിക്കൽ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

വാരിയർ സമാജം ജില്ലാ സമ്മേളനം

ഇരിങ്ങാലക്കുട : സമസ്ത കേരള വാരിയർ സമാജം ജില്ല സമ്മേളനം മെയ് 5 ന് ഞായറാഴ്ച രാവിലെ 10 ന് തിരുവുള്ളക്കാവ് ക്ഷേത്ര സമീപം സമാജം പെരുവനം യൂണിറ്റ് ഹാളിൽ നടക്കും. സമാജം സംസ്ഥാന സെക്രട്ടറി ടി. ഗോപകുമാർ ഉദ്ഘാടനം ചെയ്യും. ജില്ല പ്രസിഡണ്ട് രമ ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിക്കും.

വിധിപ്രകാരം കുറി സംഖ്യയും ചിലവും നല്കിയില്ല, കറിസ്ഥാപനത്തിന്റെ മാനേജിങ്ങ് ഡയറക്ടർക്ക് വാറണ്ട്

തൃശൂർ: വിധിപ്രകാരം കുറിസംഖ്യ നൽകാതിരുന്നതിനെ ചോദ്യം ചെയ്ത് ഫയൽ ചെയ്ത ഹർജിയിൽ വാറണ്ട് അയക്കുവാൻ ഉത്തരവ്.തൃശൂർ മാടക്കത്തറയിലുള്ള കാക്കനാട്ട് വീട്ടിൽ കെ.എഫ്.ജോർജ് ഫയൽ ചെയ്ത ഹർജിയിലാണ് ചിയ്യാരം കുറീസ് ഏന്റ് ലോൺസ് (പി) ലിമിററഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെ ഇപ്രകാരം വാറണ്ട് അയക്കുവാൻ ഉത്തരവായത്.

കുറി വെച്ചിട്ടും സംഖ്യ ലഭിക്കാതിരുന്നതിനെത്തുടർന്ന് ജോർജ് ഫയൽ ചെയ്ത ഹർജിയിൽ 51000 രൂപയും 12% പലിശയും ചിലവിലേക്ക് 5000 രൂപയും ഒരു മാസത്തിനുള്ളിൽ നൽകുവാൻ വിധിയുണ്ടായിരുന്നു. എന്നാൽ വിധി എതിർകക്ഷി പാലിക്കുകയുണ്ടായില്ല. തുടർന്ന് വിധി പാലിക്കാതിരുന്നതിന് എതിർകക്ഷിയെ ശിക്ഷിക്കുവാൻ ആവശ്യപ്പെട്ട് ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് മൂന്ന് വർഷം വരെ തടവിന് ശിക്ഷിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു.

ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാംമോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി എതിർകക്ഷിയെ അറസ്റ്റ് ചെയ്തു് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് പോലീസ് മുഖേനെ വാറണ്ട് അയക്കുവാൻ കൽപ്പിച്ച് ഉത്തരവ് പ്രകടിപ്പിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ശ്രീസത്യസായ് ബാബ പുരസ്കാരം കരീം പന്നിത്തടത്തിന് നൽകി

തൃശൂർ : ശ്രീ സത്യസായ് ഇൻസ്റ്റിറ്റ്യൂട്ട് പാറമേക്കാവ് ക്ഷേത്ര അഗ്രശാലയിൽ സംഘടിപ്പിച്ച സമാദരണവും, വിദ്യഭ്യാസ സെമിനാർ ചടങ്ങിലും വെച്ച് ശ്രീ സത്യസായ് ബാബ പുരസ്കാരം സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടത്തിന് സർവ്വോദയം ഹൈസ്കൂൾ എക്സികുട്ടീവ് മെമ്പർ ടി. സുരേഷ് 10,000 രൂപയും, പ്രശസ്തിപത്രവും, പുരസ്കാരവും നൽകി ആദരിച്ചു.

ശ്രീ സത്യസായ് ട്രസ്റ്റ് ചെയർപേഴ്സൺ ഡോ:സി. ജി.ഗീത അദ്ധ്യക്ഷയായിരുന്നു. മൂലാധിഷ്ഠിത വിദ്യഭ്യാസ രീതികളെ കുറിച്ച് ഏറ്റുമാനൂരപ്പൻ കോളേജ് പ്രൊഫസർ സരിത അയ്യർ ക്ലാസ്സെടുത്തു. ട്രസ്റ്റ് ചീഫ് കോർഡിനേറ്റർ സംഗമേശ്വർ, ശ്രീ ആര്യമ ഹർഷി, വേദ പണ്ഡിതൻ ഗിരി ഗണപടിക്കൽ, കോർപ്പറേഷൻ മുൻ കൗൺസിലർ എം.എസ്.സമ്പൂർണ്ണ എന്നിവർ പ്രസംഗിച്ചു.

സർക്കാർ അനുകൂല തൊഴിലാളി സംഘടനകൾ തൊഴിൽ മേഖലയെ തകർക്കുവാൻ കൂട്ടുനിൽക്കുന്നു